പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2849 07.02.2018-ൽ മറുപടിക്ക്

## പാലങ്ങളുടെ നിർമ്മാണ പ്രവർത്തനത്തിലെ പുരോഗതി

| ചോദ്യം<br>ശ്രീമതി യു. പ്രതിഭ ഹരി : | മറുപടി<br>ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
|---|---|
| കായംകുളം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ നിർദ്ദേശിച്ചിരിക്കുന്ന പാലങ്ങൾ എത്രയാണെന്നും അവ ഏതൊക്കെയാണെന്നും പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ പുരോഗതി എന്തെന്നും വിശദമാക്കാമോ ? | കായംകുളം നിയോജക മണ്ഡലത്തിൽ ചുവടെ പറയുന്ന 7 പാലങ്ങൾക്ക് പൊതുമരാമത്ത് വകുപ്പ് മുഖേന നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.<br><br>**കല്ലുപാലം** - പ്രസ്തുത പാലത്തിന്റെ 148 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. ഇപ്പോൾ ധനകാര്യവകുപ്പിന്റെ പരിഗണനയിലാണ്.<br><br>**കന്നീസ്സുക്കടവ് പാലം**- പാലത്തിന്റെ ഡിസൈൻ ലഭിച്ചതിനെത്തുടർന്ന് വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു.<br><br>**പാർക്ക് ജംഗ്ഷൻ പാലം** നിർമ്മാണത്തിനുള്ള 450 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും, **കായംകുളം മാർക്കറ്റ് പാലം** നിർമ്മാണത്തിനുള്ള 551 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും, **കോയിക്കൽപ്പടി പാലം** നിർമ്മാണത്തിനുള്ള 394 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും ഭരണാനുമതിയ്ക്കായി 05.02.2018-ൽ സർക്കാരിൽ ലഭ്യമായിട്ടുണ്ട്. |

**മൂട്ടേൽ പാലം** ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയായിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കി ആയത് ചീഫ് എഞ്ചിനിയർ ഡിസൈന് കൈമാറേണ്ടതുണ്ട്. **മുനമേൽ സൊസൈറ്റി പാലം** കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. . ടി. പാലത്തിന്റെ മണ്ണ് പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് പൂർത്തിയായാലുടൻ റിപ്പോർട്ട് ഡിസൈൻ തയ്യാറാക്കുന്നതിനായി ചീഫ് എഞ്ചിനിയർ ഡിസൈന് കൈമാറേണ്ടതുണ്ട്, ഡിസൈൻ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ ഡി.പി.ആർ തയ്യാറാക്കി ഭരണാനുമതിയ്ക്കായി കിഫ്ബിയിൽ സമർപ്പിക്കുവാൻ കഴിയുകയുള്ളൂ.

S. Bindu

സെക്ഷൻ ഓഫീസർ